# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂൺ 17, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 297)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | : | 1989 മുതൽ 2072 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | 2073 മുതൽ 2113 വരെ |
| ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി | : | 2114 മുതൽ 2203 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | 2204 മുതൽ 2253 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | 2254 മുതൽ 2285 വരെ |

## വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ സപ്ലൈ കോഡ്

1989 ശ്രീ. വി. എസ്. സുനിൽകുമാർ
,, ജി. എസ്. ജയലാൽ
,, വി. ശശി
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ സപ്ലൈ കോഡ് നിലവിൽ വന്നതെന്നുമുതലാണ്; ഈ കോഡിലെ വ്യവസ്ഥകൾ എന്തെല്ലാം ?

(ബി) വൈദ്യുതി ബോർഡിന്റെ ബാദ്ധ്യതകൾ പരിഹരിക്കുന്നതിന് പ്രസ്തുത കോഡിൽ എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>വൈദ്യുതി സപ്ലൈ കോഡ് പരിഷ്കരണം</u>

1990 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, എ.പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വൈദ്യുതി സപ്ലൈകോഡ് പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വൈദ്യുതി സപ്ലൈകോഡ് പരിഷ്ക്കരിക്കുന്നതിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് ഉണ്ടാകുന്നത്; വിശദമാക്കുമോ;

(സി) വിവിധ വിഭാഗങ്ങളിൽപ്പെട്ട ഉപഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത വൈദ്യുതി സപ്ലൈകോഡിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) എന്നു മുതലാണ് പുതിയ കോഡ് പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

കെ. എസ് .ഇ. ബി- കമ്പനിവത്കരണവും സബ്സിഡികളും

1991 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് കമ്പനിവത്കരണം നടന്ന സംസ്ഥാനങ്ങളിലെല്ലാം വർഷാവർഷം വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സേവനരംഗമെന്ന കാഴ്ചപ്പാട് കൈവിട്ട് ലാഭനഷ്ടങ്ങളുടെയടിസ്ഥാനത്തിൽ കേരളത്തിലും കമ്പനി ജനങ്ങളുടെ മേൽ അധിക വൈദ്യുതി ചാർജ് ഭാരം ഉണ്ടാക്കില്ലെന്നും നിലവിൽ നൽകുന്ന സബ്സിഡികൾ തുടരുമെന്ന് ഉറപ്പാക്കാൻ കഴിയുമോയെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി.യുടെ കമ്പനിവത്ക്കരണം</u>

1992 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. കമ്പനിവത്ക്കരണ നടപടികളുടെ ഭാഗമായി ഉണ്ടായിരുന്ന ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശങ്കകൾ അകറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സംഘടനാപ്രതിനിധികളും രാഷ്ട്രീയപ്പാർട്ടി പ്രതിനിധികളുമായി ഈ വിഷയത്തിൽ ചർച്ചകൾ നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ചർച്ചയ്ക്ക് തയ്യാറാകുമോ ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി യുടെ വരവു ചെലവുകൾ

1993 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് 31 ലെ കണക്ക് പ്രകാരം കെ.എസ്.ഇ.ബി. ലാഭത്തിൽ ആണോ നഷ്ടത്തിൽ ആണോ പ്രവർത്തിക്കുന്നത്; കെ.എസ്.ഇ.ബി നഷ്ടത്തിലാണെങ്കിൽ എത്രയെന്ന് അറിയിക്കാമോ;

(ബി) ഗാർഹിക/ഗാർഹികേതര ഉപഭോക്താക്കളിൽ നിന്നും വൈദ്യുത ചാർജിനത്തിൽ 2013-14 വർഷത്തിൽ എന്തു തുക ലഭിച്ചു; വ്യക്തമാക്കുമോ ; മറ്റ് വരുമാന ഇനത്തിൽ ബോർഡിന് 2013-14 വർഷത്തിൽ എത്ര തുക ലഭിച്ചു; വിശദമായ സ്റ്റേറ്റ്മെന്റ് നൽകാമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

കെ. എസ്. എ. ബി. യിലെ ഒഴിവുകൾ

1994 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ.ബി-യിൽ ലൈൻമാൻ, ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ വിഭാഗങ്ങളിൽ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി. എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകൾ എന്ന് നികത്താനാകുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ</u>

1995 ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.യുടെ വിവിധ ഓഫീസുകളിലെ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ ഉണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിന് പദ്ധതി</u>

1996 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) പദ്ധതി നടത്തിപ്പിനായി ഏതെല്ലാം സ്ഥലങ്ങളാണ് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ</u>

1997 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിക്ഷാമം രൂക്ഷമായികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുന്നതിനും അവയുടെ ഉപയോഗം പരിപോഷിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പാർമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ഉപയുക്തമാക്കുന്നതിനെക്കുറിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ;

(സി) അനെർട്ടിനെ ശക്തിപ്പെടുത്തുവാനും സൗരോർജ്ജ ഉപയോഗം കൂടുതൽ സാർവ്വത്രികമാക്കി പീക്ക് ലോഡ് സമയത്തെ വൈദ്യുതി ഉപഭോഗം കുറയ്ക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ്</u>

1998 ശ്രീ. വർക്കല കഹാർ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റൂഫ് ടോപ്പ് സോളാർ പവർപ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കാനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) എത്രമാത്രം വൈദ്യുതിയാണ് പ്രസ്തുത പദ്ധതി മുഖേന ഗുണഭോക്താവിന് ലാഭിക്കാനാവുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ജലേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉല്പ്പാദനം</u>

1999 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലേതരസ്രോതസ്സുകളിൽ നിന്നു കേരളത്തിൽ ഉല്പ്പാദിപ്പിക്കുന്ന വൈദ്യൂതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) പുതിയ ജലേതരസ്രോതസ്സുകളുപയോഗിച്ച് വൈദ്യൂതി ഉല്പ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>വൈതരണി കൽക്കരിപ്പാടം</u>

2000 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് അനുവദിച്ച വൈതരണി കൽക്കരിപ്പാടത്തിന്റെ അനുമതി കേന്ദ്ര സർക്കാർ എന്നാണ് റദ്ദാക്കിയത്;

(ബി) അനുമതി റദ്ദാക്കാൻ എന്താണ് കാരണം;

(സി) അനുമതി റദ്ദാക്കിയതിനെതിരെ കോടതിയെ സമീപിക്കാൻ സംസ്ഥാനം നടപടി സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാതിരുന്നത്;

(ഡി) ഈ സർക്കാർ വൈതരണി പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് റിവ്യൂ പെറ്റീഷൻ നൽകിയിരുന്നോ; നൽകിയെങ്കിൽ അതിന്മേൽ കേന്ദ്രം എന്തു തീരുമാനമാണ് എടുത്തതെന്ന് വ്യക്തമാക്കുമോ;

(എഫ്) വൈതരണി പദ്ധതി സംബന്ധിച്ച് ഈ സർക്കാരിന്റെ നയമെന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ഊര്‍ജ്ജോല്പാദനത്തിനായി പുതിയ പദ്ധതികള്‍</u>

2001 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഊര്‍ജ്ജോല്പാദനത്തിനായി പുതിയ പദ്ധതികള്‍ സര്‍ക്കാര്‍ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കില്‍ അവ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) അവയില്‍ ഏതെല്ലാമാണ് കമ്മീഷന്‍ ചെയ്യാന്‍ തയ്യാറായിട്ടുള്ളത് ;

(ഡി) അവയില്‍ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാന്‍ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതിരംഗത്ത് സ്വയംപര്യാപ്തത</u>

2002 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിരംഗത്ത് സ്വയംപര്യാപ്തത നേടാൻ സംസ്ഥാനത്ത് എത്ര മെഗാവാട്ട് വൈദ്യുതി കൂടി ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജലവൈദ്യുതിക്കുപുറമേ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്ന മെഗാപദ്ധതികൾ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ഊർജ്ജോല്പാദനത്തിലെ വർദ്ധനവ്</u>

2003 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ഊർജ്ജോല്പാദന മേഖലയിൽ ഉണ്ടായ വർദ്ധനവ് എത്രയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഉല്പാദിപ്പിച്ച വൈദ്യുതി</u>

2004 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്; പദ്ധതികളുടെ പേരും അവയുടെ ഉല്പാദനശേഷിയും വ്യക്തമാക്കുമോ;

(ബി) 2012-ലും 2013-ലും ഉല്പാദനം ആരംഭിക്കാൻ ലക്ഷ്യമിട്ടിരുന്ന പുതിയ പദ്ധതികൾ ഏതെല്ലാമായിരുന്നു; അവ ആരംഭിക്കാൻ കഴിഞ്ഞോ; എങ്കിൽ ഏതെല്ലാം പദ്ധതികൾ ആരംഭിച്ചു; അവയുടെ ഉല്പാദനശേഷി എത്രയാണ്;

(സി) ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ അരംഭിക്കാൻ കഴിഞ്ഞില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) 2014-ൽ ഉല്പാദനം അരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണ്; അവയിൽ ഏതെങ്കിലും പദ്ധതി ഇതിനകം അരംഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പേരും ഉല്പാദനശേഷിയും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ഉല്പാദനവും ഉപഭോഗവും</u>

2005 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് അനുവദിച്ചതിനെക്കാൾ കൂടുതൽ വൈദ്യുതി സംസ്ഥാനം എടുക്കാറുണ്ടോ; ഈ വൈദ്യുതിക്ക് സംസ്ഥാനത്തിന് എന്ത് തുകയാണ് ചെലവഴിക്കേണ്ടി വരുന്നത്;

(ബി) സംസ്ഥാനത്തെ വൈദ്യുത പദ്ധതികൾ ഏതൊക്കെയെന്നും ഓരോന്നിൽ നിന്നും ലഭിക്കുന്ന വൈദ്യുതി എത്ര മെഗാവാട്ടാണെന്നും വിശദീകരിക്കുമോ ;

(സി) ഏറ്റവും ഒടുവിൽ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച വൈദ്യുതോല്പാദന പദ്ധതി ഏതാണ് ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ഉപഭോഗവും ഉല്പാദനവും</u>

2006 ശ്രീ.ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013 വൈദ്യുതി ഉപഭോഗം എത്ര ലക്ഷം യൂണിറ്റായിരുന്നു;

(ബി) ഇതിൽ ഗാർഹിക -കാർഷിക-വ്യവസായിക ആവശ്യങ്ങൾക്ക് എത്ര യൂണിറ്റ് വീതം ആവശ്യമായി വന്നു;

(സി) സംസ്ഥാനത്ത് 2013 ൽ എത്ര ലക്ഷം യൂണിറ്റ് വൈദ്യുതി; ഏതെല്ലാം സ്രോതസ്സുകളിൽ നിന്ന് ഉല്പാദിപ്പിച്ചു?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ഉപഭോഗവര്‍ദ്ധന</u>

2007 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഓരോ വര്‍ഷവും ശരാശരി എത്ര ശതമാനം യൂണിറ്റ് വൈദ്യുതിയുടെ ഉപഭോഗമാണ് വര്‍ദ്ധിച്ചുകൊണ്ടിരിക്കുന്നത്;

(ബി) ഇതില്‍ ഗാര്‍ഹിക-കാര്‍ഷിക-വ്യവസായിക ആവശ്യങ്ങള്‍ക്ക് ശരാശരി എത്ര ശതമാനം വര്‍ദ്ധിക്കുന്നുണ്ട്;

(സി) ഓരോ വര്‍ഷവും വൈദ്യുതി ഉപഭോഗം പരമാവധി വര്‍ദ്ധിക്കുന്നത് കണക്കിലെടുത്ത് അധിക വൈദ്യുതി കണ്ടെത്തുന്നതിന് എന്തെല്ലാം പദ്ധതികളും നടപടികളുമാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കികൊണ്ടിരിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>മിഷൻ 676 – വൈദ്യുതമേഖലയിലെ പദ്ധതികൾ</u>

2008 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മിഷൻ 676' പദ്ധതിയുടെ ഭാഗമായി വൈദ്യുതമേഖലയിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുടെ ഭാഗമായി പുനലൂർ നിയോജകമണ്ഡലത്തിൽ നടന്ന വൈദ്യുതീകരണ പ്രവർത്തനങ്ങളും ഇനി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളും വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പുതിയ വൈദ്യുതി പദ്ധതികൾ</u>

2009 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, എൻ.എ. നെല്ലിക്കുന്ന്
,, എൻ. ഷംസുദ്ദീൻ
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നേരിടാൻ പുതിയ പദ്ധതികൾ എന്തൊക്കെയാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) ജലവൈദ്യുതി കൂടുതൽ ചൂഷണം ചെയ്യാൻ വരും വർഷങ്ങളിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളേതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ ജലവൈദ്യുതി ഉല്പാദനത്തിൽ പ്രതിവർഷം ഉണ്ടാക്കാനായ വർദ്ധനവ്, പദ്ധതി അടിസ്ഥാനത്തിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014–ലെ മറുപടിക്ക്

<u>വൈദ്യുതിക്കമ്മി</u>

2010 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. കെ. അജിത്
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ വൈദ്യുതി ഉത്പാദനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ നിലവിലെ വൈദ്യുതിക്കമ്മി എത്രയാണെന്ന് അറിയിക്കുമോ;

(സി) മറ്റു സംസ്ഥാനങ്ങളിൽ നിന്നുവാങ്ങുന്ന വൈദ്യുതിയുടെ അളവ് സംസ്ഥാനം, യൂണിറ്റ്, തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതിക്ഷാമം</u>

2011 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന കടുത്ത വൈദ്യുതി ക്ഷാമം നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ബി) ഈ സർക്കാർ എത്ര യൂണിറ്റ് വൈദ്യുതി പുതിയ പദ്ധതികളിലൂടെ ഉല്പാദിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നു; ആയതിൽ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചുവെന്നും; ഏതൊക്കെ പദ്ധതികളിലൂടെ എത്ര യൂണിറ്റ് വീതമെന്നും വ്യക്തമാക്കുമോ; കഴിഞ്ഞ സർക്കാർ എത്ര യൂണിറ്റ് ഈ രീതിയിൽ അധികമായി ഉല്പാദിപ്പിച്ചു;

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റായിരുന്നു; ആയത് ഇപ്പോൾ എത്ര; പ്രതിദിനം നിലവിൽ എത്ര യൂണിറ്റ് വൈദ്യുതിയുടെ കുറവാണുള്ളത്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽനിന്ന് ശരാശരി എത്ര യൂണിറ്റ് വൈദ്യുതി പ്രതിദിനം ലഭിക്കുന്നു; കായംകുളം പദ്ധതിയിൽ നിന്ന് പ്രതിദിനം എത്രയൂണിറ്റ് വൈദ്യുതി ലഭിക്കുന്നു; പ്രതിദിനം പുറത്തുനിന്നുകൊണ്ടുവരുന്ന വൈദ്യുതി എത്ര യൂണിറ്റാണ്; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ വാർഷിക വർദ്ധനവ് എത്ര ശതമാനമാണ്; എത്ര യൂണിറ്റ് വൈദ്യുതിയാണ് ഓരോവർഷവും അധികമായി വേണ്ടത്; വ്യക്തമാക്കാമോ;

(എഫ്) പ്രതിദിനം കായംകുളം അടക്കമുള്ള പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിയക്ക് ബോർഡിനു പ്രതിദിനം വരുന്ന നഷ്ടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ഊർജ്ജ പ്രതിസന്ധി

2012 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജപ്രതിസന്ധി മുമ്പില്ലാത്തവിധം രൂക്ഷമാകാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുവേണ്ടി ഏതെങ്കിലും പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>വൈദ്യുതി പ്രസരണ നഷ്ടവും മോഷണവും ഒഴിവാക്കുന്നതിന് നടപടി</u>

2013 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസരണനഷ്ടവും വൈദ്യുതിമോഷണവും ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ നടപടി

2014 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഇപ്പോൾ അഭിമുഖീകരിക്കുന്ന വൈദ്യുതി പ്രതിസന്ധിയുടെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) നിലവിലെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റാണ്; എത്ര യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉല്പാദിപ്പിക്കുന്നു; പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി ഇപ്പോൾ കമ്മിയാണ്; ശരാശരി എത്ര യൂണിറ്റ് പുറത്തുനിന്ന് വാങ്ങുന്നുണ്ട്;

(ഡി) നിലവിലെ പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ലോഡ്ഷെഡിംഗ് എന്നുവരെ തുടരാനാണ് ഉദ്ദേശിക്കുന്നത്;

(എഫ്) ഇപ്പോഴത്തെ പ്രതിസന്ധി കെ.എസ്.ഇ.ബി. മുൻകൂട്ടി കണ്ടിരുന്നോ; കണ്ടിരുന്നെങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരുന്നത്; അത് ഫലപ്രാപ്തിയിലെത്തിക്കാൻ കഴിഞ്ഞോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതി</u>

2015 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്ന് ഇപ്പോൾ വൈദ്യുതി വിലയ്ക്ക് വാങ്ങുന്നുണ്ടോ; എങ്കിൽ എത്ര വൈദ്യുതി യാണ് വാങ്ങുന്നത് വിശദമാക്കുമോ;

(ബി) വൈദ്യുതി വാങ്ങുന്നത് എവിടെ നിന്നെല്ലാമാണെന്നും എത്ര തുകയ്ക്കാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

വൈദ്യുതി കുടിശ്ശിക

2016 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി വകുപ്പിന് ബില്‍ ഇനത്തിലോ മറ്റേതെങ്കിലും ഇനത്തിലോ കുടിശ്ശിക ലഭിക്കാനുണ്ടോ;

(ബി) ഉണ്ടെങ്കില്‍ 2014 ഏപ്രല്‍ 1 വരെ എത്ര രൂപ കുടിശ്ശികയായിട്ടുളളത് ഉണ്ട്;

(സി) ഇതു പിരിച്ചെടുക്കാന്‍ എന്തു നടപടി സ്വീകരിച്ചു;

(ഡി) പൊതുജനങ്ങള്‍, വിവിധ സര്‍ക്കാര്‍ വകുപ്പുകള്‍, സ്വകാര്യ കമ്പനികള്‍ എന്നിവയില്‍ നിന്ന് വൈദ്യുതി ബോര്‍ഡിന് കിട്ടാനുളള തുകയുടെ വിശദാംശം തരം തിരിച്ച് നല്‍കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി</u>

2017 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾ വൈദ്യുതിചാർജ് അടച്ചില്ലെങ്കിൽ എത്ര ദിവസത്തിനുള്ളിൽ കണക്ഷൻ വിച്ഛേദിക്കാറുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഗാർഹികേതര വൈദ്യുതി ഉപഭോക്താക്കൾ തുക അടച്ചില്ലെങ്കിൽ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഒരു ലക്ഷത്തിലേറെ തുക വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടയ്ക്കാനുള്ള വ്യക്തികൾ, സ്വകാര്യമേഖലയിലെയും പൊതുമേഖലയിലെയും സ്ഥാപനങ്ങൾ എന്നിവ ഏതൊക്കെയാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കുടിശ്ശിക എന്നു മുതൽക്കുള്ളതാണെന്നും ആയത് പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം

2018 ശ്രീ. പി.എ. മാധവൻ
,, ജോസഫ് വാഴക്കൻ
,, ലൂഡി ലൂയിസ്
,, റ്റി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

വൈദ്യുതമീറ്റർ വാടക

2019 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതിബോർഡ് ഗാർഹിക വൈദ്യുത ഉപഭോക്താക്കളിൽ നിന്ന് മീറ്റർ വാടക ഈടാക്കിത്തുടങ്ങിയത് എന്നു മുതലാണെന്നും എത്ര രൂപയായിരുന്നു വാടകയെന്നും ഇപ്പോൾ എത്ര രൂപയാണ് ഈടാക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഒരു വൈദ്യുതി മീറ്ററിന് ബോർഡിന് എത്ര രൂപ ചെലവുവരുന്നുണ്ടെന്നും ഉപഭോക്താവിൽ നിന്ന് മീറ്റർ സ്ഥാപിക്കുമ്പോൾ എത്ര രൂപ ഈടാക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) മീറ്റർ വാടകയിനത്തിൽ വൈദ്യുതിബോർഡിന് ഒരോ വർഷവും എത്ര രൂപ ലഭിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) മീറ്റർവാടക ഒഴിവാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ 10 വർഷത്തിലധികമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മീറ്ററുകളുടെ വാടക ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

കേടായ മീറ്ററുകൾ

2020 ശ്രീ. എ. റ്റി. ജോർജ്
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേടായ മുഴുവൻ മീറ്ററുകളും മാറ്റാൻ കെ.എസ്.ഇ.ബി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര കേടായ മീറ്ററുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം മീറ്ററുകളാണ് മുൻഗണനാക്രമത്തിൽ മാറ്റുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ചാർജ്ജ്</u>

2021 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണ് വർദ്ധിപ്പിച്ചത് എന്ന് വിശദമാക്കുമോ ;

(ബി) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ചാർജ്ജ് കുറച്ചു കൊടുത്തിരുന്നുവോ ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ ;

(സി) അവികസിതമേഖലകളിലുള്ള ചെറുകിട കുടിവെള്ള പദ്ധതികൾക്കുള്ള ചാർജ്ജ് വർദ്ധനവ് ഗ്രാമീണമേഖലയിൽ ഉണ്ടാക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കൂട്ടിയ തുക കുറച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്</u>
<u>പുതിയ ട്രാൻസ്ഫോർമറുകൾ</u>

2022 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കെ.എസ്.ഇ. ബി. എത്ര പുതിയ ട്രാൻസ്ഫോർമറുകളാണ് ഈ സർക്കാർ അധികാരമേറ്റതിനുശേഷം സ്ഥാപിച്ചത് ;

(ബി) ഇതിനായി എന്തു തുക ചെലവഴിച്ചു ;

(സി) ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് കെ.എസ്. ഇ.ബി. ചെലവഴിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ട്രാൻസ്ഫോർമറുകളുടെ കാര്യക്ഷമത</u>

2023 ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണത്തിലെ പ്രസരണനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ട്രാൻസ്ഫോർമറുകളുടെ മെയിന്റനൻസ് യഥാസമയം നടത്താത്തതുകാരണം പ്രസരണനഷ്ടം വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ട്രാൻസ്ഫോർമറുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് യഥാസമയം നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി</u>

2024 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ഗ്രാമീണ വൈദ്യുതീകരണ പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; ഈ പദ്ധതി അനുസരിച്ച് ഈ സർക്കാർ എത്ര ഉപഭോക്താക്കൾക്ക് വൈദ്യുത കണക്ഷൻ നൽകി; വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായി;

(സി) ആലപ്പുഴ ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും;

(ഡി) അമ്പലപ്പുഴ മണ്ഡലത്തിൽ നിന്ന് സമ്പൂർണ്ണ ഗ്രാമീണ വൈദ്യുതീകരണത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര പേർക്ക് കണക്ഷൻ നൽകി; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി കണക്ഷൻ - പുതിയ നിബന്ധനകൾ</u>

2025 ശ്രീ. പി. തിലോത്തമൻ
'' കെ. രാജു
'' മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ പൊളിച്ചു പണിയുന്നവർക്ക് നിലവിലുള്ള വൈദ്യുതി കണക്ഷൻ ഉപയോഗിക്കാൻ പാടില്ലെന്ന നിബന്ധന ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പുതിയ നിബന്ധനകളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഉപഭോക്താക്കൾക്ക് വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന ഇത്തരം നടപടികൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ഗാർഹിക വൈദ്യുതിനിയന്ത്രണം</u>

2026 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് ഇപ്പോൾ വൈദ്യുതി വിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദീകരിക്കുമോ;

(ബി) ഗാർഹിക വൈദ്യുതി കണക്ഷനുകളുടെ താരിഫ് പുനർനിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഗാർഹിക കണക്ഷൻ താരിഫിൽ നിർദ്ധനകുടുംബങ്ങൾക്ക് എന്തെങ്കിലും സൗജന്യങ്ങൾ നിലവിലുണ്ടോ; പുതിയ നിരക്കനുസരിച്ചും പ്രസ്തുത സൗജന്യങ്ങൾ നിലനിർത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലെ കാലതാമസം</u>

2027 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷിച്ചവരിൽ ഇനിയും എത്രപേർക്ക് കണക്ഷൻ നൽകാനുണ്ട്; ഇതിൽ ഗാർഹിക-കാർഷിക-വ്യവസായ കണക്ഷനുകൾ എത്രവീതം എന്ന് പ്രത്യേകം വ്യക്തമാക്കുമോ;

(ബി) ഇത്രയുംപേർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയും എന്നറിയിക്കുമോ;

(സി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ പോസ്റ്റ്, സർവ്വീസ് വയർ അടക്കമുള്ള എല്ലാതരത്തിലുള്ള ചെലവുകളും അപേക്ഷകൻതന്നെ വഹിക്കുമ്പോഴും കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി ദീർഘകാലം കാത്തിരിക്കേണ്ടിവരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ഗാര്‍ഹിക വൈദ്യുതികണക്ഷനുകള്‍</u>

2028 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വര്‍ഷം എത്ര ഗാര്‍ഹിക വൈദ്യുതി കണക്ഷനുകള്‍ നല്‍കി എന്നറിയിക്കുമോ ;

(ബി) ഗാര്‍ഷിക കണക്ഷന്‍ ലഭിക്കുന്നതില്‍ കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) ഗാര്‍ഹിക കണക്ഷന്‍ നല്‍കുന്നതിനുള്ള നടപടിക്രമങ്ങള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗാര്‍ഹിക കണക്ഷന്‍ നല്‍കുന്നതിന് പോസ്റ്റുകള്‍ക്ക് ഈടാക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി സി. എഫ്. എൽ

2029 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലാഭിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്ത സി. എഫ്. എൽ കളുടെ ഉപയോഗം നിമിത്തം എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി സി. എഫ്. എൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ</u>

2030 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നഗരസഭയുടെ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പമ്പിംഗ് സ്റ്റേഷനുകളിലേക്കും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കും വൈദ്യുതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിലേക്ക് വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കൽപ്പറ്റ നഗരസഭയുടെ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ വൈദ്യുതികണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ഇലക്ട്രിക് ലൈനുകളുടെ അറ്റകുറ്റപ്പണികൾ</u>

2031 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിൽ ലൈനുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്ന സമയത്ത് ഏതെല്ലാം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യമാണ് നിയമപ്രകാരം ഉണ്ടായിരിക്കേണ്ടത്;

(ബി) എഞ്ചിനീയർമാർ, ഓവർസിയർമാർ എന്നിവരുടെ അഭാവം ധാരാളം അപകടങ്ങൾ വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

വര്‍ദ്ധിച്ചുവരുന്ന വൈദ്യുതാപകട മരണങ്ങള്‍

2032 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി അപകടങ്ങളില്‍ കഴിഞ്ഞ മൂന്നുവര്‍ഷം സംസ്ഥാനത്ത് അഞ്ഞൂറിലധികം പേര്‍ മരിച്ചത് വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇതില്‍ നാല്‍പതിലധികം വൈദ്യുതിബോര്‍ഡ് ജീവനക്കാര്‍ ഉള്‍പ്പെടുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) വൈദ്യുതി അപകടങ്ങള്‍ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സര്‍ക്കാര്‍ സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പ്രീമൺസൂൺ മെയിന്റനൻസ്</u>

2033 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിൽ പ്രീമൺസൂൺ മെയിന്റനൻസ് നടത്തുന്നതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പല ജില്ലകളിലും കോഴിക്കോട്ടും പ്രീമൺസൂൺ പ്രവൃത്തികൾ നടത്താൻ വേണ്ട സാധനസാമഗ്രികൾ വൈദ്യുതി ഓഫീസുകളിൽ ലഭ്യമാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുകാരണം പ്രീമൺസൂൺ മെയിന്റനൻസ് ഫലപ്രദമായി നടത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതും ആയത് വൈദ്യുതി അപകടങ്ങൾ വർധിക്കാൻ കാരണമായേക്കാവുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കൊയിലാണ്ടിയിൽ മുൻവർഷങ്ങളിൽ മേൽപ്പറഞ്ഞ കാരണങ്ങളാൽ ആളുകൾ ഷോക്കേറ്റ് മരിച്ച സംഭവം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി പോസ്റ്റുകളുടെ ദുരുപയോഗം</u>

2034 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുത പോസ്റ്റുകളിൽ വിവിധ സംഘടനകൾ അവരുടെ പതാകയുടെ ചായമടിച്ച് ബുക്ക് ചെയ്യുന്നതും ആശയ പ്രചാരണത്തിന്റെ ഭാഗമാക്കുന്നതും ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്രമസമാധാന പ്രശ്നങ്ങൾപോലും ഉണ്ടാക്കുന്ന ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് നിലവിൽ സംവിധാനമുണ്ടോ;

(സി) ഇത് കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വൈക്കം നിയോജകമണ്ഡലത്തിലെ തടി വൈദ്യുത പോസ്റ്റുകള്‍</u>

2035 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇലക്ട്രിക് ലൈന്‍ സ്ഥാപിച്ചിട്ടുള്ള പഴയ തടി വൈദ്യുത പോസ്റ്റുകള്‍ വൈക്കം നിയോജകമണ്ഡലത്തില്‍ അവശേഷിക്കുന്നുണ്ടോ ;

(ബി) വൈക്കം നിയോജകമണ്ഡലത്തില്‍ മാറ്റേണ്ടതായ എത്ര തടി വൈദ്യുത പോസ്റ്റുകള്‍ ഉള്ളതായാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കോണ്‍ക്രീറ്റ് പോസ്റ്റുകളുടെ ലഭ്യത വര്‍ദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ലോഡ്ഷെഡ്ഡിംഗ്

2036 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ലോഡ്ഷെഡിംഗ് നിലവിലുണ്ടോ; ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടിവന്ന സാഹചര്യം വ്യക്തമാക്കുമോ ;

(ബി) ഒരു മുന്നറിയിപ്പുമില്ലാതെ ഇടയ്ക്കിടെ വൈദ്യുതി നിലയ്ക്കുന്നതിന് എന്താണ് കാരണം; ഇതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തു നടപടിയാണ് എടുത്തിട്ടുള്ളത് ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ലോഡ്ഷെഡ്ഡിംഗ്</u>

2037 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ലോഡ്ഷെഡ്ഡിംഗ് നിലവിലുണ്ടോ;

(ബി) വൈകിട്ട് 30 മിനിറ്റും 45 മിനിറ്റും വീതം അപ്രഖ്യാപിതമായി ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തുന്നതുമൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓരോ ദിവസവും ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തുന്നതിന് എത്ര സമയം മുൻപാണ് വൈദ്യുതി ബോർഡിന്റെ ആസ്ഥാനത്ത് തീരുമാനം എടുക്കുന്നത്;

(ഡി) വൈദ്യുതി ഭവൻ ആസ്ഥാനത്തെ പബ്ലിക് റിലേഷൻസ് വിഭാഗത്തെ ഇതു സംബന്ധിച്ച് മാദ്ധ്യമങ്ങൾക്ക് അറിവു നൽകാനായി ചുമതലപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ആർ.എ.പി.ഡി.ആർ.പി.

2038 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എ.പി.ഡി.ആർ.പി പ്രകാരം കാഞ്ഞങ്ങാട് നഗരത്തിൽ ഭൂമിക്കടിയിലൂടെ കേബിളുകൾ സ്ഥാപിച്ച് വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) ഇതിനുള്ള പണി എന്ന് പൂർത്തീകരിച്ചു; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെയുള്ള വൈദ്യുതി വിതരണത്തിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ആർ.എ.പി. ഡി.ആർ.പി</u>

2039 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിബോർഡ് ആർ.എ.പി.ഡി. ആർ. പി സൂക്ഷിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം പട്ടണങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; ഇതിന്റെ സാമ്പത്തിക സഹായം ആരെല്ലാമാണ് നൽകുന്നത്;

(സി) പദ്ധതി ആരംഭിച്ച വർഷം എന്നായിരുന്നു;

(ഡി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്നും പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ എന്നും അതിനുള്ള മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതി മറ്റുപട്ടണങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>എറണാകുളം ജില്ലയിലെ ആർ. എ. പി. ഡി. ആർ. പി.</u>

2040 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. എ. പി. ഡി. ആർ. പിയുടെ ജില്ലാതല ഉദ്ഘാടനം കഴിഞ്ഞിട്ടും അങ്കമാലി, കാലടി, കറുകുറ്റി പ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള കൊച്ചി നഗരപദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വെളിപ്പെടുത്തുമോ;

(ബി) ഈ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ആര്‍. ജി. ജി. വി.വൈ.- ആറ്റിങ്ങല്‍</u>

2041 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ആര്‍. ജി. ജി. വി. വൈ പ്രകാരം വൈദ്യുത കണക്ഷന്‍ ലഭിക്കുവാന്‍ ആറ്റിങ്ങല്‍ നിയോജക മണ്ഡലത്തില്‍ നിന്ന് ഇതിനകം എത്ര പേര്‍ അപേക്ഷ നല്‍കിയിട്ടുണ്ടെന്നും ഇതില്‍ എത്ര പേര്‍ അര്‍ഹരാണെന്നും എത്ര പേര്‍ക്ക് കണക്ഷന്‍ നല്‍കിയിട്ടുണ്ടെന്നും ഇനി എത്ര പേര്‍ക്ക് കണക്ഷന്‍ നല്‍കാനുണ്ടെന്നും പേരും മേല്‍വിലാസവുമുള്‍പ്പെടെ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ആർ.ജി.ജി.വി.വൈ-കണ്ണൂർ ജില്ല</u>

2042 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ജി. ജി. വി. വൈ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ വൈദ്യുതീകരണം പൂർത്തിയാക്കാൻ എത്ര വീടുകൾ ബാക്കിയുണ്ടെന്ന് സെക്ഷൻ ഓഫീസ് അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകർക്ക് വൈദ്യുതി നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി കണക്ഷനുള്ള ഫീസ്</u>

2043 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എസ്. ശർമ്മ
ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താവ് വൈദ്യുതി ബോർഡിൽ അടയ്ക്കേണ്ട തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുകയടയ്ക്കാതെ ഏതെങ്കിലും വിഭാഗക്കാർക്ക് വൈദ്യുതി കണക്ഷന് അർഹതയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) വൈദ്യുതി കണക്ഷന് സി.ഡി. മാത്രമടച്ച് കാത്തിരിക്കുന്നവർക്ക് സൗജന്യമായി കണക്ഷൻ നൽകിയിരുന്നരീതിയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർ, വികലാംഗർ, ഗുരുതരമായ രോഗാവസ്ഥയിലുള്ളവർ, തുടങ്ങി വിവിധ വിഭാഗങ്ങൾക്ക് നൽകിയിരുന്ന മുൻഗണനയും എടുത്തുകളഞ്ഞുകൊണ്ടുള്ള തീരുമാനം തിരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ ഗാർഹിക കണക്ഷനുകൾ</u>

2044 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മാവേലിക്കര മണ്ഡലത്തിൽ നൽകിയ ഗാർഹിക കണക്ഷനുകളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) നിലവിൽ കണക്ഷൻ ലഭ്യമാകുന്നതിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ ഉണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ മലയോരമേഖലകളിലെ വോൾട്ടേജ് ക്ഷാമം</u>

2045 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോരമേഖലകളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ആർ.ജി.ജി.വി.വൈ</u>

2046 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വി.വൈ. പ്രകാരം ഏതെല്ലാം ജില്ലകളിൽ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടക്കുന്നു എന്ന് വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷകൾ പരിഗണിക്കുന്നതിന് കട്ട് ഓഫ് ഡേറ്റ് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്നാണ് എന്നറിയിക്കുമോ;

(സി) ജില്ലയിൽ നിലവിൽ ആർ.ജി.ജി.വി.വൈ. പ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ലഭിച്ചിട്ടുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട് എന്നത് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിൽ തീർപ്പാക്കാൻ ബാക്കി നിൽക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കി വൈദ്യുതി കണക്ഷൻ നൽകാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പുതിയ വൈദ്യുതി കണക്ഷനുകൾ</u>

2047 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഗാർഹിക ഉപഭോക്താക്കൾക്കാണ് പുതിയ വൈദ്യുതി കണക്ഷൻ നൽകിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷനുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് വർദ്ധന നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(സി) പഴയ തുകയും വർദ്ധിപ്പിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കാസർകോഡ് ജില്ലയിലെ വൈദ്യുത കണക്ഷനുള്ള അപേക്ഷകൾ</u>

2048 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ ഗാർഹിക വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിലാണ് തീർപ്പുകൽപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ഇലക്ട്രിക്കൽ സെക്ഷനുകൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം

2049 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി.കെ. ബഷീർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനുകീഴിൽ സെക്ഷൻ, സബ്ഡിവിഷൻ, ഡിവിഷൻ, സർക്കിൾ എന്നിവയുടെ രൂപീകരണത്തിന് പ്രത്യേകമാനദണ്ഡം നിലവിലുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത മാനദണ്ഡപ്രകാരമുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പോരായ്മകൾ സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിലവിൽ എത്ര ഇലക്ട്രിക്കൽ സെക്ഷനുകളുണ്ടെന്ന് വ്യക്തമാക്കുമോ; അനുവദിച്ച എത്രയെണ്ണം ഇനിയും പ്രവർത്തനക്ഷമമാക്കാനുണ്ടെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

220 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

2050 ശ്രീ. എം. ഹംസ
'' പി. റ്റി. എ. റഹീം
'' കെ. കുഞ്ഞിരാമൻ (ഉദുമ)
'' എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് 220 കെ.വി. ലൈനുകൾ വലിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ദൂരമാണെന്ന് അറിയിക്കാമോ;

(സി) എത്ര 220 കെ.വി. സബ്സ്റ്റേഷനുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ഥാപിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് എത്ര 220 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം നടക്കുന്നുണ്ട്; ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോഴാണ് ആരംഭിച്ചത്?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>താമരക്കുളത്ത് 11 കെ.വി. ലൈന്‍ മാറ്റി സ്ഥാപിക്കുന്നതിന് നടപടി</u>

2051

ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാവേലിക്കര താമരക്കുളം ജംഗ്ഷനില്‍ നിന്ന് വെല്‍ഫെയര്‍ എല്‍.പി. സ്കൂള്‍ ഭാഗത്തേക്കുള്ള 11 കെ.വി. ലൈന്‍ മാറ്റി സ്ഥാപിക്കുന്നതിനുള്ള മാവേലിക്കര എം.എല്‍.എ. യുടെ കത്ത് ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത ലൈന്‍ ഗുരുതരമായ ഭവിഷ്യത്തുകള്‍ സൃഷ്ടിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ലൈന്‍ മാറ്റി സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ആയതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് കണക്കാക്കിയിരിക്കുന്നത്;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ ഫയല്‍ നമ്പര്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ചെറായി സബ്‌സ്റ്റേഷൻ

2052 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറായി സബ്‌സ്റ്റേഷന്റെ കമ്മീഷനിംഗിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇലക്ട്രിക്ക് ലൈൻ വലിക്കുന്നത് സംബന്ധിച്ചുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും ഏതെല്ലാം തീയതിയിലെന്നും വിശദീകരിക്കുമോ;

(സി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>രാമനാട്ടുകര പഞ്ചായത്തിലെ സബ്സ്റ്റേഷൻ നിർമ്മാണം</u>

2053 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര പഞ്ചായത്തിലെ പരുത്തിപ്പാറ സബ്സ്റ്റേഷന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ;

(സി) സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാകും എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മിനി വൈദ്യുതിഭവൻ</u>

2054 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് മിനി വൈദ്യുതി ഭവൻ സ്ഥാപിക്കുന്നതിനുള്ള ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>അരീക്കോട് സെക്ഷൻഓഫീസ്</u>

2055 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ ബേപ്പൂർ സെക്ഷൻ ഓഫീസ് വിഭജിച്ച് അരീക്കോട് സെക്ഷൻഓഫീസ് അനുവദിച്ചിട്ട് എത്ര വർഷമായി എന്നറിയിക്കുമോ;

(ബി) അരീക്കോട് സെക്ഷൻഓഫീസ് പ്രവർത്തിപ്പിക്കുവാൻ കാല താമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

കൊണ്ടോട്ടി മണ്ഡലത്തിലെ പുതിയ പദ്ധതികൾ

2056 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ ഇടവണ്ണപ്പാറ, കാരാട്, പുളിക്കൽ, കൊണ്ടോട്ടി സെക്ഷനുകൾക്കു കീഴിൽ ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) കൂടുതൽ ഉപഭോക്താക്കളുള്ള സെക്ഷനുകൾ വിഭജിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(സി) കോഴിക്കോട് വിമാനത്താവളപരിസരം, കാരാട്, പുളിക്കൽ എന്നിവിടങ്ങളിൽ പുതിയ സബ്സ്റ്റേഷനുകൾ പണിയുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ ഇവ എന്നത്തേക്ക് പ്രവർത്തിപ്പിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) സിസ്റ്റം ഇംപ്രൂവ്മെന്റ്, വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ വഴി മണ്ഡലത്തിൽ എവിടെയെല്ലാം പദ്ധതികളാവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

കൊയിലാണ്ടി നഗരത്തിലെ വൈദ്യുതി ക്ഷാമം

2057 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് പുതിയ ഫീഡർ സ്ഥാപിക്കുന്നതു സംബന്ധിച്ച് ലഭിച്ചിട്ടുളള അപേക്ഷയിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കെ. എസ്. ഇ. ബി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കൊയിലാണ്ടിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>അങ്കമാലി ചമ്പന്നൂരിൽ ആധുനിക ടെസ്റ്റിംഗ് ലാബ്</u>

2058 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ചമ്പന്നൂരിലെ കെ.എസ്.ഇ.ബി യുടെ ട്രാൻസ്മിഷൻ സ്റ്റോർ പ്രവർത്തിക്കുന്ന 16 ഏക്കറോളം വരുന്ന സ്ഥലം ഉപയോഗയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സബ് സ്റ്റേഷനുകളിൽ ഉപയോഗിക്കുന്ന സി,റ്റി,, പി,റ്റി,, സി,വി,റ്റി, തുടങ്ങിയ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള റിപ്പയറിംഗ് യൂണിറ്റും വൈദ്യുതോപകരണങ്ങൾ ടെസ്റ്റ് ചെയ്യുന്നതിനുള്ള ആധുനിക ടെസ്റ്റിംഗ് ലാബും ഇവിടെ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വൈപ്പിനിൽ പുതിയ സെക്ഷൻ ഓഫീസുകൾ</u>

2059 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിനിലെ ഞാറയ്ക്കൽ, മാലിപ്പുറം കെ. എസ്. ഇ. ബി. സെക്ഷനുകളിലെ വർദ്ധിച്ചുവരുന്ന ഉപഭോക്താക്കളുടെ എണ്ണവും സ്ഥല വിസ്തൃതിയും പരിഗണിച്ച് പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

കേബിൾ ടി.വി കമ്പനികളിൽ നിന്ന് ഈടാക്കുന്ന വൈദ്യുതി പോസ്റ്റ് വാടക

2060 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേബിൾ ടി.വി കമ്പനികൾ ഇലക്ട്രിക്കൽ പോസ്റ്റുകൾ ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പോസ്റ്റുകൾ ഉപയോഗിക്കുന്നുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ; ഇതിനായി കെ. എസ്. ഇ. ബി. ഫീസ് ചുമത്തുന്നുണ്ടോ;

(ബി) ഓരോ കേബിൾ കമ്പനി ഓപ്പറേറ്റർമാരിൽ നിന്നും വർഷത്തിൽ എന്ത് തുക ഈടാക്കുന്നു; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>മരണപ്പെട്ട കരാർ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സഹായം</u>

2061 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി കരാർ തൊഴിലാളികൾ വൈദ്യുതാഘാതമേറ്റ് മരിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; വൈദ്യുതാഘാതമേറ്റ് 2011 ജനുവരി മുതൽ 2014 മെയ് വരെ എത്ര കരാർ തൊഴിലാളികൾ മരണപ്പെട്ടു എന്നറിയിക്കാമോ;

(ബി) വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട കരാർ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായമോ മറ്റെന്തെങ്കിലും ആനുകൂല്യങ്ങളോ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ; ഇല്ലെങ്കിൽ ഇവരുടെ കുടുംബങ്ങളെ സഹായിക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സബർബൻ ട്രെയിൻ</u>

2062 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
'' എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സബർബൻ ട്രെയിൻ പദ്ധതി' നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് സാധ്യതാപഠനം നടത്തിയിരുന്നോ; എങ്കിൽ ഏത് ഏജൻസിയാണ് ഇപ്രകാരം പഠനം നടത്തിയത്; പഠന റിപ്പോർട്ടിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ വിഭവസമാഹരണവും പദ്ധതി നടത്തിപ്പും എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) സബർബൻ ട്രെയിൻ പദ്ധതി 'മിഷൻ 676'-ൽ ഉൾപ്പെടുത്തി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>റെയിൽവേ വികസനത്തിലെ കേന്ദ്ര സർക്കാർ അവഗണന</u>

2063 ശ്രീ. എ. പ്രദീപ്കുമാർ
,, വി. ചെന്താമരാക്ഷൻ
,, ബാബു എം പാലിശ്ശേരി
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനാവശ്യമായ ദീർഘവീക്ഷണമോ ആസൂത്രണ പദ്ധതികളോ മുൻറെയിൽവേ ബജറ്റുകളിൽ ഉണ്ടായില്ല എന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ;

(ബി) പാതയിരട്ടിപ്പിക്കൽ, സിഗ്നൽ നവീകരണം തുടങ്ങി സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിൽ യാതൊരു പരിഗണനയും മുൻ ബജറ്റിൽ ഉണ്ടായില്ല എന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ;

(സി) പ്രഖ്യാപനങ്ങളുടെ തുടർപ്രവൃത്തിക്കാവശ്യമായ യാതൊരു പരാമർശവുമില്ലാതെ ബജറ്റിൽ കേന്ദ്രം സംസ്ഥാനത്തെ അവഗണിക്കുകയായിരുന്നുവെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരും അനാസ്ഥ കാണിച്ചതായുമുള്ള ആക്ഷേപത്തിന്മേലുള്ള അഭിപ്രായം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സബർബൻ തീവണ്ടി സർവ്വീസ്</u>

T2064 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബർബൻ തീവണ്ടി സർവ്വീസ് ആരംഭിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഏത് ഏജൻസിയാണ് പ്രസ്തുത രൂപരേഖ തയ്യാറാക്കിയിട്ടുള്ളത് ; എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ശബരിറെയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി</u>

T2065 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിറെയിലിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട റെയിൽപാതയുടെ നിർമ്മാണംമൂലം മുറിഞ്ഞുപോയിട്ടുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) അങ്കമാലി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട റെയിൽപാതയുടെ അലൈൻമെന്റിൽ എവിടെയെല്ലാമാണ് മേൽപാലങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ;

(ഡി) വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡിൽ വീതി കുറഞ്ഞതും സ്ഥലം ഏറ്റെടുക്കാൻ കഴിയാത്തതുമായ സ്ഥലത്ത് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മേൽപ്പാലം, റോഡിന്റെ രണ്ടാംഘട്ട വികസനപ്രവർത്തനങ്ങൾക്കായി നിർദ്ദേശിക്കപ്പട്ടിട്ടുള്ള അലൈൻമെന്റിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന എം.എൽ.എ.യുടെ നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>സ്റ്റോപ്പുകൾ നിർത്തലാക്കിയ ട്രെയിനുകൾ</u>

2066 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സൂപ്പർഫാസ്റ്റ് എക്സപ്രസ്സ് ട്രെയിനുകളുടെ സ്റ്റോപ്പുകളാണ് നിർത്തലാക്കിയിട്ടുള്ളത് ;

(ബി) നിർത്തലാക്കിയ സ്റ്റോപ്പുകളിൽ പലതും വൻതോതിൽ യാത്രക്കാർ ഉപയോഗിക്കുന്നവയാണെന്നത് കണക്കിലെടുത്ത് പ്രസ്തുത സ്റ്റോപ്പുകൾ പുന:സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശാദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>തിരൂരിൽ ട്രെയിനുകൾക്ക് സ്റ്റോപ്പ്</u>

2067 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലൂടെ കടന്നു പോകുന്ന ഏതെല്ലാം ട്രെയിനുകൾക്കാണ് ജില്ലയിൽ സ്റ്റോപ്പില്ലാത്തത് എന്ന് വ്യക്തമാക്കുമോ;

(ബി) അത്തരം ട്രെയിനുകൾക്ക് ജില്ലയിലെ പ്രധാന സ്റ്റേഷനായ തിരൂരിൽ സ്റ്റോപ്പ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

പുള്ളിക്കട കോളനി കൊല്ലം കോർപ്പറേഷന് കൈമാറാൻ നടപടി

2068

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് നാൽപ്പത് വർഷങ്ങളായി 300 കുടുംബങ്ങൾ താമസിക്കുന്ന, റെയിൽവേയുടെ കൈവശമുള്ള പുള്ളിക്കട കോളനി കൊല്ലം കോർപ്പറേഷന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പോസ്റ്റ് കാർഡിനും സ്റ്റാമ്പുകൾക്കുമുള്ള ക്ഷാമം</u>

2069 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തപാൽ ഓഫീസുകളിൽ പോസ്റ്റ് കാർഡുകൾക്കും അഞ്ചുരൂപ സ്റ്റാമ്പുകൾക്കും കടുത്ത ക്ഷാമം നേരിടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ഖരമാലിന്യ സംസ്കരണം</u>

T2070 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഖരമലിന്യ സംസ്കരണത്തിന് നാളിതുവരെയായി എന്തെങ്കിലും പദ്ധതി ഈ സർക്കാർ നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനം</u>

T2071 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഈ-വേസ്റ്റും നിർമ്മാർജ്ജനം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദവിവരങ്ങൾ നല്കുമോ;

(സി) ഈ പ്രവൃത്തികൾ പ്രാവർത്തികമാക്കുന്നതിൽ വിജയം കൈവരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ മലിനീകരണ പരിശോധന</u>

2072 ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മലിനീകരണ പരിശോധനകളും അതിന്റെ വിവരങ്ങളും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള സംവിധാനം മലിനീകരണ നിയന്ത്രണ ബോർഡ് ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?